LIBRARY ARCHIVES Kerala Legislative Assembly

## പുതിയ റെയിൽവേ പാതകൾക്കായി സർവ്വേകൾ

57 (2295) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷങ്ങളായി പുതിയ റെയിൽപ്പാതകൾക്കായി സർവ്വേകൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവൃത്തികൾ നടക്കുന്നില്ലെന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നടത്തിയ പാതകളുടെ സർവ്വേകൾ എത്രയാണെന്നും, അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) സർവ്വേകൾ പൂർത്തിയാക്കിയ ശേഷം തുടർ പ്രവൃത്തികൾ നടത്തുന്നതിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വീഴ്ച കാരണം തുടർ പ്രവൃത്തി സാധിക്കാത്ത ഏതെങ്കിലും പ്രോജക്ടുകൾ ഉണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഇ) തുടർ പ്രവൃത്തികൾ നടപ്പാക്കാത്തതിനു കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിച്ച വിവിധ റെയിൽവേ ലൈനുകൾക്കായുള്ള സർവ്വേകളുടെയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയുടെയും വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.*

(സി) പരിശോധിച്ചിട്ടുണ്ട്. കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിക്കുന്ന പുതിയ റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പൂർത്തീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സാമ്പത്തിക മെച്ചം (Economic viability) നേടുന്നതിനുള്ള ന്യായീകരണങ്ങൾ ഉൾക്കൊള്ളുന്നവയല്ലാണ് സാധാരണയായി റെയിൽവേ അംഗീകാരം നൽകുന്നത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ദൗർലഭ്യം ബാധിക്കാറുണ്ട്. പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതും ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന മറ്റു കാരണങ്ങളാണ്.

(ഡി) അത്തരത്തിലുള്ള പദ്ധതികളൊന്നും ഇല്ല.

(ഇ) വിശദാംശം അനുബന്ധത്തിൽ* വിശദീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.